©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ഒക്ടോബർ 16<br>16th October 2018<br>1194 കന്നി 30<br>30th Kanni 1194<br>1940 ആശ്വിനം 24<br>24th Aswina 1940 | നമ്പർ<br>No. | 41 |

# PART III
# Co-operative Department

### പത്തനംതിട്ട ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ : പി. ജെ. അബ്ദുൾ ഗഫാർ)

(1)

നമ്പർ എസ്. സി. റ്റി. എം. 3817/2018. 2018 ആഗസ്റ്റ് 14.

വിഷയം :—പി. റ്റി. 126-ാം നമ്പർ കൊല്ലമുള ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം (ക്ലിപ്തം) സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) അങ്ങാടി യൂണിറ്റ് ഇൻസ്പെക്ടറുടെ സഹകരണ നിയമം വകുപ്പ് 66 (2) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(2) റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 235/18-ാം നമ്പർ കത്ത്.

പി. റ്റി. 126-ാം നമ്പർ കൊല്ലമുള ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം (ക്ലിപ്തം) പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ കൊല്ലമുള ആസ്ഥാനമാക്കി 14-2-1995-ൽ രജിസ്റ്റർ ചെയ്ത് 2-3-1995-ൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമായ ടി സംഘത്തിന്റെ 31-3-2017 വരെയുള്ള കണക്കുകൾ ആഡിറ്റ് ചെയ്തത് പ്രകാരം സംഘത്തിന് 50 അംഗങ്ങളും ` 11,600-ന്റെ ഓഹരി മൂലധനവും ഉണ്ട്. സംഘത്തിൽ നിലവിൽ ഭരണസമിതിയില്ല. 1999-നുശേഷം സംഘത്തിൽ യാതൊരുവിധ പ്രവർത്തനങ്ങളും നടന്നിട്ടില്ലാത്തതുമാണ്. സംഘം തുറന്നു പ്രവർത്തിപ്പിക്കുന്നതിന് അംഗങ്ങൾക്ക് നോട്ടീസ് അയച്ചിട്ടും യാതൊരുവിധ അഭിപ്രായവും അറിയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിട്ടുണ്ട്.

സൂചന (1) പ്രകാരമുള്ള പരിശോധനയിൽ സംഘം പുനരുദ്ധരിക്കുന്നതിന് യാതൊരുവിധ സാധ്യതയും ഇല്ലാത്തതിനാലും ബന്ധപ്പെട്ട സർക്കിൾ സഹകരണ യൂണിയൻ, പത്തനംതിട്ട ജില്ല സഹകരണ ബാങ്ക് ജനറൽ മാനേജർ എന്നിവർ ടി സംഘം സമാപ്തീകരിക്കുന്നത് സംബന്ധിച്ച് എതിർ അഭിപ്രായം നൽകാത്ത സാഹചര്യത്തിലും സംഘത്തിന്റെ പ്രവർത്തനം

സുഗമമായി തുടർന്നു കൊണ്ടുപോകുന്നതിന് കഴിയില്ല എന്ന് ഉത്തമബോദ്ധ്യം വന്ന സാഹചര്യത്തിലും സഹകരണ നിയമം വകുപ്പ് 66 (2) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടും റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ ശുപാർശയും പരിഗണിച്ച് കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

പി. റ്റി. 126-ാം നമ്പർ കൊല്ലമുള ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം (ക്ലിപ്തം)-ന്റെ പ്രവർത്തനം കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തികരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതിന് റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ അങ്ങാടി യൂണിറ്റ് ഇൻസ്പെക്ടറെ സഹകരണ നിയമം വകുപ്പ് 72 പ്രകാരം ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഉടൻ ഏറ്റെടുക്കേണ്ടതും ചാർജ്ജ് ഏറ്റെടുത്ത വിവരവും ഏറ്റെടുത്തിട്ടുള്ള മുതലുകളുടേയും റിക്കാർഡുകളുടേയും വിവരങ്ങൾ സഹിതം യഥാസമയം ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ചാർജ്ജ് ഏറ്റെടുത്തതിനുശേഷം ലിക്വിഡേറ്റർ സംഘത്തിന്റെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തേണ്ടതും ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം തയ്യാറാക്കി ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിലേക്കായി 3 പ്രതികൾ ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

(2)

നമ്പർ എസ്.സി.റ്റി. എം. 3742/2018. 2018 ആഗസ്റ്റ് 13.

വിഷയം:—ക്യൂ. 355-ാം നമ്പർ അടൂർ താലൂക്ക് മാർക്കറ്റിംഗ് സഹകരണ സംഘം (ക്ലിപ്തം)—സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) അടൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ അടൂർ യൂണിറ്റ് ഇൻസ്പെക്ടറുടെ 66(2)-ാം വകുപ്പ് അന്വേഷണ റിപ്പോർട്ട്.

(2) അടൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 16-6-2018-ലെ കെ. 339/18-ാം നമ്പർ കത്ത്.

ക്യൂ. 355-ാം നമ്പർ അടൂർ താലൂക്ക് മാർക്കറ്റിംഗ് സഹകരണ സംഘം (ക്ലിപ്തം) അടൂർ താലൂക്കിൽ കൂടൽ ആസ്ഥാനമാക്കി 6-7-1966-ൽ രജിസ്റ്റർ ചെയ്ത് 14-8-1966-ൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. അടൂർ താലൂക്ക് മുഴുവനുമാണ് പ്രവർത്തന പരിധി. സംഘത്തിന്റെ എ ക്ലാസ്സ് അംഗങ്ങൾ ചെറുകിട റബ്ബർ കർഷകരാണ്. ഇവർ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ സ്ഥിരതാമസമുള്ളവരോ റബ്ബർ കൃഷിക്കാരോ സ്വന്തമായി കൃഷി ഭൂമിയുള്ള വ്യക്തിയോ ആയിരിക്കണം. 50 ഏക്കർ കവിഞ്ഞ തോട്ടം ഉണ്ടായിരിക്കരുതെന്നും ഓരോ സാമ്പത്തിക വർഷവും 500 കിലോയിൽ കവിയാത്ത റബ്ബർ സംഘത്തിൽ നൽകിയിരിക്കണമെന്നും ബൈലോയിൽ വ്യവസ്ഥ ചെയ്യുന്നു. ബി. ക്ലാസ്സ് അംഗങ്ങൾ ഗവൺമെന്റും റബ്ബർ ബോർഡും ആണ്. സി ക്ലാസ്സ് അംഗത്വം കാർഷിക വായ്പാ സംഘങ്ങൾ, വിപണന സംഘങ്ങൾ എന്നിവയ്ക്കും ആണ്. സംഘത്തിന്റെ 4-11-2007-ൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ കാലാവധി അവസാനിച്ചതിനുശേഷം പുതിയ ഭരണ സമിതിയുടെ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ലാത്തതാണ്. 5-12-2012 മുതൽ സംഘം പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിലാണ്. സംഘം വർഷങ്ങളായി പ്രവർത്തന രഹിതമാണ്. സംഘത്തിന് തുടർന്ന് പ്രവർത്തിക്കുന്നതിന് യാതൊരുവിധ സാദ്ധ്യതയുമില്ലായെന്ന് സൂചന (1) പ്രകാരമുള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളതിനാൽ സംഘം സമാപ്തീകരിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അടൂർ ശുപാർശ ചെയ്യുന്നു.

സൂചന (1) പ്രകാരമുള്ള പരിശോധനയിൽ സംഘം പുനരുദ്ധീകരിക്കുന്നതിന് യാതൊരുവിധ സാദ്ധ്യതയും ഇല്ലാത്തതിനാലും ബന്ധപ്പെട്ട സർക്കിൾ സഹകരണ യൂണിയൻ, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എന്നിവർ ടി വിഷയം സംബന്ധിച്ച് എതിർ അഭിപ്രായം നൽകാത്ത സാഹചര്യത്തിലും സഹകരണ നിയമം വകുപ്പ് 66(1) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെയും അടൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ ശുപാർശയും പരിഗണിച്ചും സംഘത്തിന്റെ പ്രവർത്തനം സുഗമമായി തുടർന്ന് പോകുന്നതിന് കഴിയുകയില്ല എന്ന് ഉത്തമ ബോദ്ധ്യം വന്നിട്ടുള്ള സാഹചര്യത്തിൽ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

ക്യൂ. 355-ാം നമ്പർ അടൂർ താലൂക്ക് മാർക്കറ്റിംഗ് സഹകരണ സംഘം (ക്ലിപ്തം)-ന്റെ പ്രവർത്തനം കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തികരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതിന് അടൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ അടൂർ യൂണിറ്റ് ഇൻസ്പെക്ടറെ സഹകരണ നിയമം വകുപ്പ് 72 പ്രകാരം ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഉടൻ ഏറ്റെടുക്കേണ്ടതും ചാർജ് ഏറ്റെടുത്ത വിവരവും ഏറ്റെടുത്തിട്ടുള്ള മുതലുകളുടേയും റിക്കാർഡുകളുടേയും വിവരങ്ങൾ എന്നിവ സഹിതം യഥാസമയം ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ചാർജ് ഏറ്റെടുത്തതിനുശേഷം ലിക്വിഡേറ്റർ സംഘത്തിന്റെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തേണ്ടതും ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം തയ്യാറാക്കി ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിലേക്കായി 3 പ്രതികൾ ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ആഫീസ്,
പത്തനംതിട്ട.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

## ഇടുക്കി ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ അധിക ചുമതല വഹിക്കുന്ന ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ : ഷേർലി, എസ്.)

നമ്പർ എ. ഇ. എൽ. 5379/2018. 2018 ആഗസ്റ്റ് 8.

വിഷയം :—സഹകരണ വകുപ്പ്—ലിക്വിഡേഷൻ—ഉടുമ്പൻചോല താലൂക്ക് ലേബർ കോൺട്രാക്ട് സഹകരണ സംഘം ഐ. 419 ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ചത്—കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന :—(1) ഈ ആഫീസിലെ 16-9-2009-ലെ എസ്.സി.ടി.എം. 2782/09 നമ്പർ ഉത്തരവ്.

(2) സംഘം ലിക്വിഡേറ്ററുടെ 9-8-2018 തീയതിയിലെ ബി 2001/2009 നമ്പർ നടപടിക്രമം.

(3) ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാറുടെ 9-8-2018 തീയതിയിലെ ബി 882/2018 നമ്പർ കത്ത്.

ഐ. 419-ാം നമ്പർ ഉടുമ്പൻചോല താലൂക്ക് ലേബർ കോൺട്രാക്ട് സഹകരണ സംഘം പ്രവർത്തനരഹിതമായതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71(1)പ്രകാരം സമാപ്തീകരണത്തിന് സൂചന (1) പ്രകാരം ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ 'ബി' യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിക്കുകയും ലിക്വിഡേറ്റർ 23-9-2011-ൽ ചാർജ്ജെടുക്കുകയും സമാപ്തീകരണ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്.

മേൽ സൂചന (2) പ്രകാരം സംഘത്തിന്റെ സമാപ്തീകരണ നടപടികൾ പൂർത്തീയാക്കിയതായും കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിന് ലിക്വിഡേറ്റർ അപേക്ഷിച്ചിട്ടുണ്ട്. ലിക്വിഡേറ്ററുടെ അപേക്ഷ സൂചന (3) പ്രകാരം ഉടമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് ഈ ആഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ലിക്വിഡേഷൻ കാലയളവിലെ കണക്കുകൾ ഈ ആഫീസിലെ എ.ഇ.എൽ. ആഡിറ്റർ പരിശോധിച്ചിട്ടുണ്ട്. സംഘത്തിന് നിലവിൽ ആസ്തി ബാദ്ധ്യതകൾ ഒന്നും നിലനിൽക്കുന്നില്ല. ടി സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഐ. 419-ാം നമ്പർ ഉടുമ്പൻചോല താലൂക്ക് ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദുചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സംഘത്തിന്റെ സകല രേഖകളും റിക്കാർഡുകളും കേരള സഹകരണ നിയമം ചട്ടം 70 അനുശാസിക്കും വിധം 3 വർഷക്കാലം സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. ടി കാലാവധിക്കുശേഷം ഈ ആഫീസിന്റെ അനുമതിക്കു വിധേയമായി ആയവ നശിപ്പിക്കാവുന്നതാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, ഇടുക്കി.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ) (ഇൻ ചാർജ്ജ്.)

---

## വയനാട് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: ശ്രീ. പി. റഹീം)

(1)

നമ്പർ എ.ഇ.എൽ. 2551/2018. 2018 ആഗസ്റ്റ് 4.

വിഷയം :—സഹകരണ വകുപ്പ്—ബഗൂർ ഫോറസ്റ്റ് സ്റ്റാഫ് ആദിവാസി സഹകരണ സ്റ്റോർ ക്ലിപ്തം നമ്പർ ഡബ്ല്യു. 7 സമാപ്തീകരണ ഉത്തരവ്—സംബന്ധിച്ച്.

സൂചന :—(1) 31-10-2017-ലെ സഹകരണ നിയമം 66 പ്രകാരം മാനന്തവാടി യൂണിറ്റ് ഇൻസ്പെക്ടർ നടത്തിയ പരിശോധന റിപ്പോർട്ട്.

(2) മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 31-10-2017-ലെ 827/17-ാം നമ്പർ കത്ത്.

(3) ഈ ആഫീസിലെ 14-6-2018-ലെ ഇതേ നമ്പർ രജിസ്ട്രേഡ് നോട്ടീസുകൾ.

ബഗൂർ ഫോറസ്റ്റ് സ്റ്റാഫ് ആദിവാസി സഹകരണ സ്റ്റോർ ക്ലിപ്തം നമ്പർ ഡബ്ല്യു-7 അതിന്റെ പ്രവർത്തനം ഘടന എന്നിവ സംബന്ധിച്ചും, സംഘം പ്രവർത്തനം നിലച്ചതിന്റെ കാരണം എന്നിവയും മറ്റും 1969-ലെ സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം പരിശോധന നടത്തുന്നതിന് ചുമതലപ്പെടുത്തിയ പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മാനന്തവാടി യൂണിറ്റ് ഇൻസ്പെക്ടർ നടത്തിയ പരിശോധനയിൽ സംഘം ഇപ്പോൾ പ്രവർത്തനം ഒന്നും തന്നെയില്ലെന്നും മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ സംഘത്തിൽ ഒടുവിലത്തെ ഭരണ സമിതി അംഗങ്ങളായ (1990-1993 കാലത്തെ) കെ. കൃഷ്ണൻ, തിയ്യൻ കെ. വി., ബാലൻ, റ്റി. കെ., ജയരാമൻ, പി.എ. എന്നിവരുടെ മേൽവിലാസത്തിൽ രജിസ്ട്രേഡ് നോട്ടീസ് അയച്ചിരുന്നുവെങ്കിലും മേൽവിലാസക്കാർ ഇല്ലാത്തതിനാൽ നോട്ടീസുകൾ തിരികെ വന്നുവെന്നും

പരിശോധനയ്ക്കായി പരിശോധന ഉദ്യോഗസ്ഥൻ ബേഗൂർ എന്ന സ്ഥലത്ത് പോയി അന്വേഷിച്ചതിൽ സംഘം പ്രവർത്തനം നടത്തിയിരുന്ന ആഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്നും 1993 മുതൽ ടി സംഘം പ്രർത്തിക്കുന്നില്ല എന്നും, സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാഹചര്യവും നിലവിലില്ല എന്നും യൂണിറ്റ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയതിട്ടുണ്ട്. ടി സാഹചര്യത്തിൽ ടി സംഘത്തിന്റെ അസ്ഥിത്വം ഇല്ലായ്മ ചെയ്ത് സംഘം സമാപ്തീകരിക്കുന്നതാണ് ഉചിതമെന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. സംഘം ലിക്വിഡേറ്റ് ചെയ്യാതിരിക്കാൻ വല്ല കാരണങ്ങളുമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സൂചന (3) പ്രകാരം വയനാട് ജില്ലാ സഹകരണ ബാങ്കിനോടും മാനന്തവാടി സർക്കിൾ സഹകരണ യൂണിയനോടും ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് യാതൊരു മറുപടിയും ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ എന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

**ഉത്തരവ്**

1969-ലെ സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം ബഗൂർ ഫോറസ്റ്റ് സ്റ്റാഫ് ആദിവാസി സഹകരണ സ്റ്റോർ ക്ലിപ്തം നമ്പർ ഡബ്ല്യു-7-ന്റെ പ്രവർത്തനം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ നിയമം 72 പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മാനന്തവാടി യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന കാലത്തെ സംഘത്തിന്റെ കടധനപട്ടിക തയ്യാറാക്കേണ്ടതും, സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളുടെയും പട്ടികയുടെ ഒരു പകർപ്പ് ഈ ആഫീസിൽ സമർപ്പിക്കേണ്ടതും ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(2)

നമ്പർ എ.ഇ.എൽ. 2549/2018. 2018 സെപ്റ്റംബർ 4.

വിഷയം :—സഹകരണ വകുപ്പ്—ജെസ്സി എസ്റ്റേറ്റ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യു. 22 സമാപ്തീകരണ ഉത്തരവ്—സംബന്ധിച്ച്.

സൂചന :—(1) 27-9-2017-ലെ സഹകരണ നിയമം 66 പ്രകാരം മാനന്തവാടി ആഫീസ് ഇൻസ്പെക്ടർ നടത്തിയ പരിശോധന റിപ്പോർട്ട്.

(2) മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 10-6-2018-ലെ 827/17-ാം നമ്പർ കത്ത്.

(3) ഈ ആഫീസിലെ 14-6-2018-ലെ ഇതേ നമ്പർ രജിസ്ട്രേർഡ് നോട്ടീസുകൾ.

ജെസ്സി എസ്റ്റേറ്റ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യു. 22 അതിന്റെ പ്രവർത്തനം, ഘടന എന്നിവ സംബന്ധിച്ചും, സംഘം പ്രവർത്തനം നിലച്ചതിന്റെ കാരണം എന്നിവയും മറ്റും 1969-ലെ സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം പരിശോധന നടത്തുന്നതിന് ചുമതലപ്പെടുത്തിയ പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ആഫീസ് ഇൻസ്പെക്ടർ നടത്തിയ പരിശോധനയിൽ സംഘം 15-5-1984-ൽ രജിസ്റ്റർ ചെയ്ത് 16-12-1984-ൽ പ്രവർത്തനം ആരംഭിക്കുകയും സംഘത്തിലേക്ക് 28-6-1987-ലും അവസാനമായി 27-12-1992-ലും ഭരണ സമിതി തെരഞ്ഞെടുപ്പ് നടത്തിയിരുന്നുവെന്നും സംഘത്തിന് അന്വേഷണ ഉദ്യോഗസ്ഥൻ അയച്ച നോട്ടീസ് മേൽവിലാസക്കാരൻ ഇല്ലാത്തതിനാൽ തിരകെ വന്നുവെന്നും ജെസ്സി എസ്റ്റേറ്റ് ആഫീസിൽ അന്വേഷിച്ച് ചെന്നെങ്കിലും സംഘം ആഫീസോ രേഖകളോ ഒന്നുംതന്നെ കണ്ടെത്താൻ സാധിച്ചില്ല എന്നും സംഘം ജെസ്സി എസ്റ്റേറ്റ് ലോക്കൗട്ട് ചെയ്തതോടുകൂടി പ്രവർത്തനം അവസാനിപ്പിച്ചതായി അറിഞ്ഞുവെന്നും അവസാന ഭരണ സമിതി അംഗങ്ങളുടെ മേൽവിലാസം ലഭ്യമല്ലാത്തതിനാൽ ആരേയും കണ്ടെത്താൻ സാധിച്ചില്ല എന്നും കൂടാതെ സംഘത്തിന് സർക്കാർ ഓഹരിയിനത്തിൽ ` 5,000 ലഭ്യമായിട്ടുണ്ട് എന്നും ആയതിലേക്ക് ` 2,500 തിരിച്ചടയ്ക്കാനുണ്ട് എന്നും സംഘത്തിൽ 1992-93 വരെ മാത്രമാണ് ആഡിറ്റ് നടത്തിയിരുന്നത് എന്നും ആഡിറ്റ് ആഫീസിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കിയെന്നും സംഘം സംബന്ധമായി മറ്റു യാതൊരു റിക്കാർഡുകളും രേഖകളും ലഭ്യമായിട്ടില്ല എന്നും ടി സംഘം യാതൊരു പ്രവർത്തനവും നടത്തുന്നില്ല എന്നും സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാഹചര്യവും നിലവിലില്ല എന്നും ആഫീസ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതാണ് ഉചിതമെന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. സംഘം ലിക്വിഡേറ്റ് ചെയ്യാതിരിക്കാൻ വല്ല കാരണങ്ങളുമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സൂചന (3) പ്രകാരം വയനാട് ജില്ലാ സഹകരണ ബാങ്കിനോടും മാനന്തവാടി സർക്കിൾ സഹകരണ യൂണിയനോടും ആവശ്യപ്പെട്ടിരുന്നു. ആയതിനാൽ വയനാട് ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരുടെ 10-7-2018-ലെ ഡബ്ല്യു.ബി./പി.ഡി.എസ്./70-18-19 നമ്പർ കത്ത് പ്രകാരം ജില്ലാ ബാങ്കിന് വായ്പായിനത്തിൽ ` 59,827 സംഘം തിരച്ചടയ്ക്കാൻ ബാക്കി നിൽപ്പുള്ളതായി അറിയിച്ചിട്ടുണ്ട്. സർക്കിൾ സഹകരണ യൂണിയൻ ആക്ഷേപം ഉന്നയിച്ചിട്ടില്ലാത്തതുമാണ്. മേൽ സാഹചര്യത്തിൽ എന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

**ഉത്തരവ്**

1969-ലെ സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം ജെസ്സി എസ്റ്റേറ്റ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യു. 22-ന്റെ പ്രവർത്തനം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ നിയമം 72 പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മാനന്തവാടി ഓഫീസ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന കാലത്തെ സംഘത്തിന്റെ കടധനപട്ടിക തയ്യാറാക്കേണ്ടതും, സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളും പട്ടികയുടെ ഒരു പകർപ്പ് ഈ ആഫീസിൽ സമർപ്പിക്കേണ്ടതും ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, (ഒപ്പ്)
വയനാട്. ജോയിന്റ് രജിസ്ട്രാർ (ജനറൽ).